# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഫെബ്രുവരി 13**

**February 13**

**2019**

***1193 കുംഭം 1 ബുധൻ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### കെട്ടിട നികുതി

ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി കുടിശിക പിഴപ്പലിശ ഒഴിവാക്കി മാർച്ച് 31 വരെ അടയ്ക്കാമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 534/19)

### കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

അടൂർ കെൽട്രോൺ നോളജ് സെന്ററിൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, വേഡ് പ്രോസസിംഗ് ആൻഡ് ഡാറ്റാ എൻട്രി, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ് വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ് ടെക്നോളജീസ് എന്നീ അഡ്വാൻസ്ഡ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കംപ്യൂട്ടർ ഹാർഡ് വെയർ കോഴ്സിന് ഫീസ് ഇളവുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 22. ഫോൺ: 9526229998, 04734 229998. (പിഎൻപി 535/19)

### സൗജന്യ പരിശീലനം

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ നെറ്റിപ്പട്ടം, ഗ്ലാസ് പെയിന്റിംഗ് എന്നിവയിൽ സൗജന്യ പരിശീലനം നൽകുന്നു. 18നും 45നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 0468 2270244, 2270243.

(പിഎൻപി 536/19)

## ആരോഗ്യ ജാഗ്രത: ജില്ലാതല ഉദ്ഘാടനം ഇന്ന് (14)

പകർച്ചവ്യാധി പ്രതിരോധന-നിയന്ത്രണ ബോധവത്ക്കരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തുന്ന ആരോഗ്യജാഗ്രത പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് രാവിലെ 10 വീണാജോർജ് എംഎൽഎ കോഴഞ്ചേരിയിൽ നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മിനി ശ്യാം മോഹൻ, ലത വിക്രമൻ, കടമ്മനിട്ട കരുണാകരൻ, എം.എസ്.സിജു, കല അജിത്ത്, ഗീതാ വിജയൻ, ഉഷാകുമാരി, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 537/19)

## നൈസർഗിക കഴിവുകൾ വികസിപ്പിക്കുന്നതാവണം കലാപരിശീലനങ്ങൾ – ചിറ്റയം ഗോപകുമാർ എംഎൽഎ

നൈസർഗിക കഴിവുകൾ വികസിപ്പിക്കുന്നതാവണം കലാപരിശീലനങ്ങൾ എന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച ആയിരം യുവ കലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ പറക്കോട് ബ്ലോക്ക്തല കലാപരിശീലനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എംഎൽഎ.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊടുമൺ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ്, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ആർ.ബി.രാജീവ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ആർ.ഷീല, അംഗങ്ങളായ സൗദാ രാജൻ, മായ ഉണ്ണികൃഷ്ണൻ, ആശാ ഷാജി, സെക്രട്ടറി ജി.ശ്രീലക്ഷ്മി, വജ്രജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ പ്രശാന്ത് എന്നിവർ പ്രസംഗിച്ചു. തുടർന്ന് വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാർ വിവിധ കലാരൂപങ്ങളുടെ അവതരണം നടത്തി.

കേരളത്തിന്റെ തനത് ക്ലാസിക്കൽ കലാരൂപങ്ങളിൽ ഗ്രാമീണ മേഖലയിലെ സ്കൂൾ കുട്ടികൾക്കും തല്പരരായ മറ്റുള്ളവർക്കുമാണ് പരിശീലനം നൽകുന്നത്. മോഹിനിയാട്ടം, കേരള നടനം, കൂടിയാട്ടം, നാടകം, അപ്ലൈയ്ഡ് ആർട്ട് എന്നീ കലകളിൽ ഏഴ് ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലാണ് പരിശീലനങ്ങൾ നടത്തുന്നത്.

(പിഎൻപി 538/19)

### പ്രത്യേക പത്രക്കുറിപ്പ്

## പ്രളയത്തിൽ റേഷൻ കാർഡ് നഷ്ടമായവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് സമയബന്ധിതമായി നൽകി പൊതുവിതരണ വകുപ്പ്

ജില്ലയിൽ പ്രളയബാധയിൽ റേഷൻ കാർഡ് നഷ്ടമായവർക്ക് അപേക്ഷ കിട്ടി വേഗത്തിൽ സൗജന്യമായി ഡ്യൂപ്ലിക്കേറ്റ് കാർഡ് നൽകിയതായി ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന അറിയിച്ചു. ഇതിനുള്ള ലഘൂകരിച്ച അപേക്ഷകൾ സൗജന്യമായി എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും വിതരണം ചെയ്തു. ഇത്തരം അപേക്ഷകൾ വാങ്ങുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രത്യേക ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു. അപേക്ഷകൾ 24 മണിക്കൂറിനകം പ്രോസസ് ചെയ്ത് 48 മണിക്കൂറിനകമാണ് പൊതുവിതരണ വകുപ്പ് കാർഡ് നൽകിയത്. ജില്ലാ സപ്ലൈ ഓഫീസിലും ഇതിനായി പ്രത്യേകം ഹെൽപ്പ് ഡെസ്ക് തുറന്നിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ജില്ലയിലെ എല്ലാ വില്ലേജുകളും പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനെ തുടർന്ന് എല്ലാ കാർഡുടമകൾക്കും അഞ്ച് കി.ഗ്രാം അരി റേ

ഷൻകടകളിൽ നിന്നും സൗജന്യ റേഷൻ നൽകി.

സപ്ലൈകോ/ഹോർട്ടികോർപ് വഴി തയാറാക്കിയ 22 ഇനങ്ങൾ അടങ്ങിയ കിറ്റുകളും ഇതിന് തുടർച്ചയായി അഞ്ച് ഇനങ്ങൾ അടങ്ങിയ തുടർ ഉപജീവന കിറ്റുകളും 50,000 വീതം മാവേലിസ്റ്റോറുകൾ/മറ്റ് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി അർഹരായ പ്രളയബാധിതകുടുംബങ്ങൾക്ക് വിതരണം ചെയ്തു. പ്രളയദിനങ്ങളിൽ അരിയും ധാന്യങ്ങളും പലചരക്കുസാധനങ്ങളും പച്ചക്കറിയും പാൽപ്പൊടിയും കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിലെ റിസീവിംഗ് സെന്ററുകളിൽ എത്തിക്കുകയും പ്രളയബാധിതർക്ക് വിതരണം നടത്തുകയും ചെയ്തു. ആന്ധ്ര, തെലുങ്കാന, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്ന് അരി, പാൽപ്പൊടി, ലുങ്കി, പ്രോട്ടീൻ പൗഡർ തുടങ്ങിയ സാധനങ്ങൾ അവിടുത്തെ സർക്കാരുമായി സഹകരിച്ച് ലോറികളിലും റെയിൽവാഗൺ വഴിയും എത്തിച്ച് വിതരണം ചെയ്തു. പ്രളയദിനങ്ങളിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിതരണവകുപ്പ് നിരവധി പരിശോധനകൾ നടത്തുകയും കേസെടുക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസനിധിയിലേക്ക് ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പ് 5,11,600 രൂപ നൽകി. ഇതിന് പുറമേ ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണത്തിനായി നിയോഗിക്കപ്പെട്ട പൊലീസുദ്യോഗസ്ഥർക്ക് ഭക്ഷണം ക്രമീകരിച്ചതും ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയാണ്. ലോക ഉപഭോക്തൃദിനത്തോടനുബന്ധിച്ച് ഡിസംബർ 22 ന് രാവിലെ 11.00 മുതൽ 12.00 വരെ കൺസ്യൂമർ അവർ ആയി എല്ലാ താലൂക്കുകളിലും ആചരിച്ചു. തിരഞ്ഞെടുത്ത റേഷൻകടകളിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള മുതിർന്ന ഉപഭോക്താക്കളെ ആദരിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നടത്തിപ്പിനോടനുബന്ധിച്ച് റേഷൻകടകളിൽ ആധാർ–അധിഷ്ഠിത റേഷൻവിതരണത്തിനായി ഇ–പോസ് മെഷീനുകൾ സ്ഥാപിച്ചതിന്റെ ഭാഗമായി ജനുവരി 16 ന് ഇ–പോസ് ദിനമായി എല്ലാ താലൂക്കുകളിലും ആഘോഷിച്ചു. ജനപ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള പരിപാടികളും ബോധവത്ക്കരണത്തിനായി പൊതുസ്ഥലങ്ങളിൽ വീഡിയോ പ്രദർശനവും നടത്തി.

(പ്രത്യേക പത്രക്കുറിപ്പ് 6/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ആയിരം യുവ കലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ പറക്കോട് ബ്ലോക്ക്തല കലാപരിശീലനം ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 13<br>February 13 | 2019 |
| --- | --- |

***1193 കുംഭം 1 ബുധൻ***

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

---

### പ്രീ പ്രൈമറി കലോത്സവം ആഘോഷിച്ചു

മാന്തുക ഗവ.യു.പി സ്കൂളിലെ പ്രീപ്രൈമറി കലോത്സവം കുട്ടികളുടെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. പ്രച്ഛന്നവേഷം ,നൃത്തം, പാട്ട്, പ്രസംഗം, സ്കിറ്റ്, ആക്ഷൻ സോങ്, ഏകാംഗാഭിനയം, ഗ്രൂപ്പ് ഡാൻസ്, ലളിതഗാനം തുടങ്ങി വിവിധ ഇനങ്ങൾ പ്രീ പ്രൈമറിയിലെ കുരുന്നുകൾ നിറഞ്ഞ സദസിൽ അവതരിപ്പിച്ചു. പിന്നണി ഗായകൻ അനു വി.സുദേവ് കലാമേള ഉത്ഘാടനം ചെയ്തു. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കുളനട ഗ്രാമപഞ്ചായത്തംഗം എൽസി ജോസഫ്, പ്രഥമാധ്യാപകൻ സുദർശനൻ പിള്ള, പിടിഎ പ്രസിഡന്റ് വി.അനിൽ, അധ്യാപകരായ ബിന്ദു, ഗീത ദേവി, ബിജു, ലീന, ഇന്ദ്രജിത്ത് എന്നിവർ സംസാരിച്ചു. (പിഎൻപി 539/19)

### ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂൾ : ജില്ലാതല ഉദ്ഘാടനം ഇന്ന് (14)

ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂൾ ജില്ലാതല ഉദ്ഘാടനവും അടൂർ ഗവൺമെന്റ് യു.പി, എൽ.പി സ്കൂളുകളുടെ പഠനോത്സവവും ഇന്ന് രാവിലെ 10ന് അടൂർ ജിഎൽപി/യുപി സ്കൂൾ അങ്കണത്തിൽ നടക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അടൂർ നഗരസഭാധ്യക്ഷ ഷൈനി ബേബി പഠനോത്സവം ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ സാം ഈപ്പൻ, എസ്.വി.സുബിൻ, അംഗം റ്റി.മുരുകേശ്, നഗരസഭ

സ്ഥിരം സമിതി അധ്യക്ഷ സൂസി ജോസഫ്, വാർഡ് കൗൺസിലർ അന്നമ്മ എബ്രഹാം, വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ.ശാന്തമ്മ, ഡയറ്റ് പ്രിൻസിപ്പൽ പി.ലാലിക്കുട്ടി, സമഗ്രശിക്ഷ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, സ്റ്റേറ്റ് കൺസൾട്ടന്റ് ഡോ.റ്റി.പി.കലാധരൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എസ്.രാജേഷ് തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 540/19)

**ജില്ലാ പൈതൃക മ്യൂസിയം :**
**പൈതൃക ശേഷിപ്പുകളുടെ ഏറ്റുവാങ്ങൽ നാളെ (15)**

ജില്ലയുടെ പൈതൃകം വിളംബരം ചെയ്യുന്ന ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിൽ തയ്യാറാകുന്നു. സംസ്ഥാന പുരാവസ്തുവകുപ്പ്, കേരളം മ്യൂസിയം, പന്തളം എൻഎസ്എസ് കോളജ് ചരിത്രവിഭാഗം എന്നിവയുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നടത്തിയ സർവെയിൽ ശേഖരിച്ച പുരാവസ്തുക്കൾ നാളെ രാവിലെ 10ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഏറ്റുവാങ്ങും. ഇതോടനുബന്ധിച്ച് അടൂർ പ്രകാശ് എംഎൽഎയുടെ അധ്യക്ഷതയിൽ കോന്നി ആനത്താവളത്തിൽ നടക്കുന്ന ചടങ്ങ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ആന്റോ ആന്റണി എംപി മുഖ്യാതിഥിയായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. പന്തളം എൻഎസ്എസ് കോളജ് ചരിത്രവിഭാഗം മേധാവി ഡോ.ലേഖാപിള്ള പൈതൃക പര്യവേഷണം വിവരണം നടത്തും. ചടങ്ങിൽ പൈതൃക ശേഷിപ്പ് സമാഹരണത്തിൽ പങ്കെടുത്തവരെ അനുമോദിക്കും. കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, തദ്ദേശഭരണ ഭാരവാഹികളായ ലീലാരാജൻ, പ്രവീൺ പ്ലാവിളയിൽ, പി.ഗീത, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ എസ്.അബു, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ റ്റി.കെ.കരുണദാസ്, ഡിഎഫ്ഒ കെ.എൻ.ശ്യാംമോഹൻലാൽ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ജില്ലയുടെ ചരിത്രവും പൈതൃകവും പശ്ചാത്തലമാക്കിയുള്ള സെമിനാറും ചടങ്ങിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. (പിഎൻപി 541/19)

**കെയർഹോം പദ്ധതി :**
**സഹകരണ തുവൽസ്പർശം ശ്രമദാനം ശ്രദ്ധേയമായി**

കെയർഹോം ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്ന വീടുകളുടെ ഗുണഭോക്താക്കൾക്ക് ആശ്വാസ സ്പർശവുമായി സഹകരണവകുപ്പ്. സഹകരണ തൂവൽസ്പർശം 2019 എന്ന പേരിൽ ജനകീയ ശ്രമദാന പരിപാടിയിലൂടെ കെയർഹോം ഗുണഭോക്താക്കൾക്ക് നിർമാണ സാമഗ്രികൾ സ്ഥലത്തെത്തിച്ചു നൽകി. റോഡ് സൗകര്യമില്ലാത്തതിനാൽ നിർമാണ സാമഗ്രികളുടെ കയറ്റിറക്കത്തിന് തുക കണ്ടെത്താൻ ഗുണഭോക്താക്കൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് സഹകരണവകുപ്പ് ശ്രമദാനം പരിപാടി സംഘടിപ്പിച്ചത്.

ജില്ലയിലെ പ്രമുഖ സഹകാരികൾ, സഹകരണവകുപ്പ് ഉദ്യോഗസ്ഥർ, ട്രേഡ് യൂണിയൻ നേതാക്കൾ, സംഘം പ്രതിനിധികൾ, ജീവനക്കാർ എന്നിവർ സംയുക്തമായാണ് സഹകരണ തൂവൽസ്പർശം ജനകീയ ശ്രമദാന പരിപാടിയിലൂടെ കെയർഹോം ഗുണഭോക്താക്കൾക്ക് നിർമാണ സാമഗ്രികൾ സ്ഥലത്തെത്തിച്ചു നൽകിയത്. വീട് നിർമിക്കുന്ന സ്ഥലത്തേക്ക് നേരിട്ട് ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ സാമഗ്രികളുടെ കയറ്റിറക്കത്തിന് ബുദ്ധിമുട്ട് നേരിട്ട റാന്നി താലൂക്കിലെ അയിരൂർ വരമ്പേൽ പീടികയിൽ ശോശാമ്മ മാത്യു, ചെറുകോൽ മാളിയേക്കൽ മുരളീധരൻനായർ, തിരുവല്ല താലൂക്കിൽ നിരണം മണിയങ്കേരിൽ എം.കെ

സുരേന്ദ്രൻ, ഇരവിപേരൂർ വള്ളംകുളം പള്ളത്തുവീട്ടിൽ മണിയമ്മ, അടൂർ താലൂക്കിൽ മുടിയോർക്കോണം കല്ലൂർക്കാട്ട് ഭാരതി എന്നിവർക്ക് മെറ്റൽ, സിമന്റ് ബ്ലോക്ക്, മണൽ എന്നിവ ഉൾപ്പെടെയുള്ള ഭവന നിർമാണ സാമഗ്രികൾ ശ്രമദാനത്തിലൂടെ സൈറ്റിൽ എത്തിച്ചുനൽകി.

സഹകരണവകുപ്പിന്റെ കീഴിൽ ജില്ലയിൽ 64 സ്പോൺസർ സഹകരണ സ്ഥാപനങ്ങൾ മുഖേന നിർമിച്ചു നൽകുന്നത് 114 വീടുകളാണ്. ഇവയുടെയെല്ലാം നിർമാണം വേഗത്തിൽ പുരോഗമിക്കുകയാണ്. സഹകരണ തൂവൽസ്പർശം ശ്രമദാന പരിപാടി ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജോസ് എബ്രഹാം ഉദ്ഘാടനം ചെയ്തു. കെയർഹോം നോഡൽ ഓഫീസർ ഡെപ്യൂട്ടി രജിസ്ട്രാർ എം.ജി പ്രമീള, റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാർമാരായ എസ്.ബിന്ദു, ജി. അനിരുദ്ധൻ, തിലകൻ ഉണ്ണിത്താൻ, എച്ച് അൻസാരി, എം.പി ഹിരൺ, പി.കെ അജിതകുമാരി, അസിസ്റ്റന്റ് ഡയറക്ടർമാരായ വെങ്കിടാചല ശർമ്മ, എം.പി സുജാത, കോഴഞ്ചേരി ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഗിരിജ, സ്പോൺസറായ മൈലപ്ര സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ജെറി ഈശോ ഉമ്മൻ, സ്പോൺസർ സംഘങ്ങൾ ഉൾപ്പെടെ സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ട്രേഡ് യൂണിയൻ അംഗങ്ങൾ, യുവജന സംഘടനകൾ, സഹകരണവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ വിവിധ താലൂക്കുകളിലെ ശ്രമദാന പരിപാടിയിൽ പങ്കെടുത്തു. (പിഎൻപി 542/19)

## പുതുജീവിതത്തിന്റെ തണൽ തേടി അനിൽ

പ്രളയത്തെ അതിജീവിച്ച് പുതുജീവിതത്തിനായി തണലൊരുക്കുന്ന തിരക്കിലാണ് ആറന്മുള ഏഴിക്കാട് നിവാസിയായ അനിൽ വെട്ടിക്കൽ. കേരളത്തിന്റെ പുനർനിർമിതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ കരുതലിൽ പുതിയ വീട് പൂർത്തീകരണത്തിലേക്ക് ചുവടുവെക്കുമ്പോൾ അനിൽ നിറഞ്ഞ മനസോടെയാണ് സർക്കാരിന് നന്ദി പറയുന്നത്.

പെയിന്റിംഗ് തൊഴിലാളിയായ അനിലിന്റെ അഞ്ച് സെന്റിലെ ചെറിയ വീട് കഴിഞ്ഞ പ്രളയത്തിൽ പൂർണമായും നശിച്ചുപോയിരുന്നു. ഒരു മാസത്തോളം സമീപത്തെ ദുരിതാശ്വാസ ക്യാമ്പിലാണ് രോഗിയായ ഭാര്യയും പറക്കമുറ്റാത്ത മക്കളുമായി അനിൽ താമസിച്ചത്. ക്യാമ്പിൽ നിന്നും തിരികെയെത്തിയ അനിലിനെ സ്വീകരിച്ചത് പ്രളയത്തിന്റെ അവശേഷിപ്പുകളായി തകർന്ന വീടിന്റെ അവശിഷ്ടങ്ങളാണ്. ഇനി എന്ത് ചെയ്യണമെന്ന് അറിയാതെ പകച്ചുനിന്ന അനിൽ പക്ഷേ തോറ്റുകൊടുക്കാൻ തയാറായില്ല. സ്വന്തമായി ഒരു ചെറിയ കിടപ്പാടം വേഗത്തിൽ തട്ടിക്കൂട്ടി അതിൽ അനിലും കുടുബവും താമസം ആരംഭിച്ചു.

സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരളയിൽ അനിലിന് പുതിയ വീട് ഒരുങ്ങുമ്പോൾ നിർമാണപ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാകുകയാണ് അനിൽ. മേസ്തിരി പണികൾക്ക് കയ്യാളായി നിന്നുകൊണ്ട് വീടിന്റെ പണികൾ വേഗത്തിലാക്കുന്നതിനുള്ള ശ്രമത്തിലാണ് അനിലിപ്പോൾ. ഭിത്തി കെട്ട് കഴിഞ്ഞ് മേൽക്കൂരയുടെ വാർപ്പ് പണികൾക്കായി തട്ട് കെട്ടുന്ന ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ ആഴ്ചയോടെ വാർപ്പ് നടത്താനുള്ള തയാറെടുപ്പിലാണ് അനിലും സഹായികളും. സർക്കാർ അനുവദിച്ച തുക ഗഡുക്കളായി ബാങ്കിൽ നിന്നും ലഭ്യമാകുന്നത് പണികൾ കൃത്യമായി പൂർത്തീകരിക്കുന്നതിന് സഹായിക്കുന്നുണ്ടെന്ന് അനിൽ പറയുന്നു. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ നിന്നുകൊണ്ട് തന്റേതായ ശൈലിയിൽ വീടിന് അലങ്കാര മേമ്പോടികൾ ചാർത്തി കാഴ്ചയിൽ വ്യത്യസ്തമായ വീടാണ് അനിൽ നിർമിക്കുന്നത്. പ്രളയത്തെ അതിജീവിച്ച അതേ കരുത്തോടെ തന്റെ പുതിയ വീട്ടിൽ സർക്കാർ കരുതലിൽ പുതുജീവിതം സ്വപ്നം കാണുകയാണ് അനിലും കുടുംബവും.

(പിഎൻപി 543/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) മാന്തുക ഗവ.യു.പി സ്കൂളിൽ നടന്ന പ്രീപ്രൈമറി കലോത്സവം പിന്നണി ഗായകൻ അനു വി.സുദേവ് ഉദ്ഘാടനം ചെയ്യുന്നു.
2) റീബിൽഡ് കേരള പദ്ധതിയിൽ നിർമാണം പുരോഗമിക്കുന്ന വീട്ടിൽ അനിലും ഭാര്യയും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
### പത്തനംതിട്ട

**ഫെബ്രുവരി 13**

**February 13** **2019**

***1193 കുംഭം 1 ബുധൻ***

## പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സംസ്ഥാന സർക്കാർ ഊന്നൽ നൽകുന്നത്**
**ജനക്ഷേമ പദ്ധതികൾക്ക്: മന്ത്രി ജി. സുധാകരൻ**

ജനക്ഷേമ പദ്ധതികൾക്ക് ഊന്നൽ നൽകിയാണ് സംസ്ഥാന സർക്കാർ ഭരണം നടത്തുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ. മഞ്ഞനിക്കര-ഇലവുംതിട്ട-കിടങ്ങന്നൂർ മുളക്കുഴ റോഡിന്റെ നിർമാണ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ നാടിന്റെ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആധുനിക സംവിധാനങ്ങളോടെ നിർമിക്കുന്ന റോഡ് പത്തനംതിട്ട, ആലപ്പുഴ ജില്ലകളെ പരസ്പരം ബന്ധിപ്പിക്കുന്നതും യാത്രാദുരിതം കുറയ്ക്കുന്നതുമാണ്. ജില്ലയുടെ വികസനത്തിന് കഴിയുന്ന എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

പത്തനംതിട്ട, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് 16.2 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡാണ് മഞ്ഞനിക്കര- ഇലവുംതിട്ട- കിടങ്ങന്നൂർ- മുളക്കുഴ റോഡ്. പൊതുമരമത്ത് വകുപ്പിന്റെ പുതിയകാലം പുതിയ നിർമ്മാണം എന്ന വികസന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് കിഫ്ബി 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് റോഡ് നിർമാണം നടത്തുന്നത്. 24.17 കോടി രൂപ മുടക്കി നിർമിക്കുന്ന റോഡിന്റെ നിർമാണം 2020 ഫെബ്രുവരിയിൽ പൂർത്തിയാകും. ജില്ലയിലെ പ്രധാന ശബരിമല റോഡായ കൈപ്പട്ടൂർ-പത്തനംതിട്ട റോഡിലെ ഓമല്ലൂർ കുരിശ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച് എംസി റോഡിൽ

മുളക്കുഴ ഭാഗത്ത് അവസാനിക്കുന്ന റോഡ് രണ്ട് നിയോജകമണ്ഡലങ്ങളിലൂടെയും നാല് പഞ്ചായത്തുകളിലൂടെയുമാണ് കടന്നുപോകുന്നത്. താഴ്ന്ന പ്രദേശങ്ങൾ ജിഎസ്ഡബ്ല്യു, ഡബ്ല്യുഎംഎം എന്നിവ ഉപയോഗിച്ച് ഉയർത്തി തുടക്കം മുതൽ 10.4 കിലോമീറ്റർ വരെ ഏഴ് മീറ്റർ ക്യാരേജ് വേ വീതിയിലും 10.4 കിലോമീറ്റർ മുതൽ 5.5 മീറ്റർ ക്യാരേജ് വേ വീതിയിലും ബിഎം ആൻഡ് ബിസി ടാറിംഗും നടത്തി ഉപരിതലം പുതുക്കുന്നുണ്ട്. ഇരുവശങ്ങളിലുമായി 6000 മീറ്റർ ഓട, പൈപ്പ് കൾവർട്ട് ഉൾപ്പെടെ 17 പുതിയ കലുങ്കുകൾ, 4442 ച.മീ. ഇന്റർലോക്ക്, റോഡിന്റെ താഴ്ചയുള്ള ഭാഗങ്ങളിൽ 600 മീറ്റർ ക്രാഷ്ബാരിയർ ട്രാഫിക് സംരക്ഷണത്തിന് കരുതൽ നൽകുന്ന ബോർഡുകളും മറ്റ് സംവിധാനങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മഞ്ഞനിക്കര ദയറയിലേയ്ക്കും മൂലൂർ സ്മാരകത്തിലേയ്ക്കും എത്തിച്ചേരുന്നതിനുള്ള പ്രധാന റോഡാകും ഇത്. ആലപ്പുഴ ജില്ലയിൽ നിന്നുള്ള മഞ്ഞനിക്കര തീർഥാടകർക്കും ഈ റോഡ് വളരെ പ്രയോജനം ചെയ്യും.

ഉന്നുകൽ ജംഗ്ഷനിൽ നടന്ന ചടങ്ങിൽ ആറന്മുള എംഎൽഎ വീണാ ജോർജ് അധ്യക്ഷത വഹിച്ചു. നിരത്തുകളും പാലങ്ങളും ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ജി. ഉണ്ണികൃഷ്ണൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എംബി സത്യൻ, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത്, മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ ഗോപാലക്കുറുപ്പ്, ബ്ലോക്ക് പഞ്ചായത്തംഗമായ ആലീസ് രവി, ഗ്രാമപഞ്ചായത്തംഗങ്ങളായ റ്റി.റ്റി ജോൺ, ലൗലി വാലു തറയിൽ, കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എഞ്ചിനീയർ വി.വി ബിനു തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 544/19)

**ഫോട്ടോ അടിക്കുറിപ്പ്**

4) മഞ്ഞനിക്കര-ഇലവുംതിട്ട-കിടങ്ങന്നൂർ മുളക്കുഴ റോഡിന്റെ നിർമാണ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ നിർവഹിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**